Mathrubhumi.com

# വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇനി ചെറുവനങ്ങളും, അര സെന്റിലും കാട് വളർത്താം

Jul 14, 2019, 01:49 PM IST

സംസ്ഥാനത്ത് തിരഞ്ഞെടുത്ത പ്രധാനപ്പെട്ട എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ചെറുവനങ്ങൾ സൃഷ്ടിക്കാനാണ് ഉദ്ദേശ്യം.



വനവത്കരണം നടത്തുക. ഇതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി.

സംസ്ഥാനത്ത് തിരഞ്ഞെടുത്ത പ്രധാനപ്പെട്ട എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഇത്തരത്തിൽ ചെറുവനങ്ങൾ സൃഷ്ടിക്കാനാണ് ഉദ്ദേശ്യം. ആളുകളെ ആകർഷിക്കുന്നതിനൊപ്പം പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമിടുന്നു. പദ്ധതിയുടെ നടത്തിപ്പ് 'മിയാവാക്കി' കാട് വളർത്തി മുൻപരിചയവും പരിരക്ഷണത്തിന് സംവിധാനവുമുള്ള സ്വകാര്യ ഏജൻസിയേയാകും ഏൽപ്പിക്കുക.

മികച്ച ഏജൻസിക്കായി അന്വേഷണവും തുടങ്ങി. ഏജൻസിയെ നിശ്ചയിച്ചു കഴിഞ്ഞാലുടൻ പദ്ധതിയുടെ നടത്തിപ്പിനുള്ള പഠനം അവരുടെ നേതൃത്വത്തിൽ നടത്തും. എവിടെയെല്ലാം വനമുണ്ടാക്കണം, എത്ര വിസ്തൃതിയിൽ എന്നെല്ലാം ഇതിന്റെ അടിസ്ഥാനത്തിലാകും തീരുമാനിക്കുക. തിരുവനന്തപുരത്ത് കനകക്കുന്ന് കൊട്ടാര വളപ്പിൽ ടൂറിസം വകുപ്പ് മിയാവാക്കി വനം സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിൽ സ്വകാര്യ വ്യക്തികളും മിയാവാക്കി വനം വിജയകരമായി ഒരുക്കിയിട്ടുണ്ട്.



തിരുവനന്തപുരം പുളിയറക്കോണം മൂന്നാംമൂട്ടിലെ മൂന്നുസെന്റിലുള്ള മിയാവാക്കി കാട്. ഇൻവിസ് മൾട്ടിമീഡിയ മാനേജിങ് ഡയറക്ടർ എം.ആർ.ഹരിയുടേതാണിത്.

## മിയാവാക്കി രീതി

ഇടതിങ്ങിയ തനതു പ്രാദേശിക വനം ഒരുക്കാൻ ജപ്പാനിൽനിന്നുള്ള സസ്യശാസ്ത്രജ്ഞൻ അക്കിര മിയാവാക്കി രൂപപ്പെടുത്തിയ സമ്പ്രദായം. സാധാരണ രീതിയിൽ വളരുന്ന മരങ്ങൾ, ഈ രീതിയിലൂടെ അതിവേഗം വളർന്നു വലുതാകും. മൂന്നുവർഷം കൊണ്ടു മരങ്ങൾക്ക് 30 അടി ഉയരമാകും. 100 വർ പഴക്കമുള്ള കാടിന്റെ രൂപം കിട്ടാൻ പത്തുവർഷം മതി.

മണ്ണും ഉമിയും ചാണകപ്പൊടിയും ചകിരിച്ചോറും തുല്യ അനുപാതത്തിലുള്ള മിശ്രിതത്തിലാണ് ചെ നടേണ്ടത്. ചതുരശ്ര മീറ്ററിൽ നാലുതൈകൾ. ഒരു സെന്റിൽ ഏതാണ്ട് 162 ചെടി. സൂര്യപ്രകാശത്തിനായ് പരസ്പരം മത്സരിച്ചു ചെടികൾ ഉയരം വെക്കുമെന്നാണ് മിയാവാക്കി സിദ്ധാന്തം.

Powered By Unibo
Kerala
Deaths
466
COVID-19 Cases